## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – പാമ്പൂർ പി. എച്ച്. സി യിലെ സീനിയർ ക്ലാർക്കായ അനീഷ് ഡാനി ജോണിന് സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തി പുറപ്പെടുവിച്ച് ഉത്തരവ് റദ്ദ് ചെയ്ത് പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :
1. എ2-1576/2017/ജി.മെ.ഒ(ആ), തൃശ്ശൂർ, തീയതി. 02.08.2019
2. G.O.(MS)23/96/H & FWD, Dt: 18.01.1996
3. എ2-787/97/ജി.മെ.ഒ(ആ),തൃശ്ശൂർ, തീയതി. 14.03.1997
4. എ2-15997/2000/ജി.മെ.ഒ(ആ) തൃശ്ശൂർ, തീയതി. 15.08.2000
5. ഇ. ഡി1-20007/2007/ആ.വ.ഡ, തീയതി. 27.11.2007
6. ഇ. എസ്2-40318/2012/ആ.വ.ഡ, തീയതി. 15.12.2014
7. 09.01.2020 തീയതിയായുള്ള ഇതേ നമ്പർ നോട്ടീസ്
8. ഉത്തരവ് നമ്പർ. ഇ. എസ്2-69187/2019/ആ.വ.ഡ, തീയതി. 30.07.2020

### ഉത്തരവ് നം. ഇ.എസ്2/69187/19/ആ.വ.ഡ/തീയതി : 12/11/2020

സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി പാമ്പൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. അനീഷ് ഡാനി ജോൺ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം സൂചന 1 പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാന് നൽകിയ 442 A എന്ന സ്ഥാനം സ്ഥിരപ്പെടുത്തി സൂചന 8 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എന്നാൽ ശ്രീ. അനീഷ് ഡാനി ജോണിന് സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ നൽകിയിരുന്ന 442 A എന്ന സ്ഥാനം രേഖകളുടെ അടിസ്ഥാനത്തിൽ തെറ്റാണെന്ന് ബോധ്യപ്പെടുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ശ്രീ. അനീഷ് ഡാനി ജോണിന് ഈ സീനിയോറിറ്റി പട്ടികയിൽ 442 A സ്ഥാനം നൽകി പുറപ്പെടുവിച്ച പരാമർശം 8 ലെ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

ടിയാന് സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ബീന മോൾ. പി (445) യുടെയും ശ്രീമതി. എം. ലക്ഷ്മി (446) യുടെയും മദ്ധ്യത്തിൽ 445 A എന്ന പുതുക്കിയ സ്ഥാനം നൽകി സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name | Date of Birth | Date of entry in Service | G.O No. | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|---|
| 1 | Beena Mol. P | 09.04.1975 | 21.03.1997 | G.O(MS)8/96/H & FWD. Dated: 06.01.1996 A2-787/97//DMO(H)TSR, Dated: 14.03.1997 | 445 | --- | |
| 2 | Aneesh Dani John | 03.05.1976 | 22.03.1997 | G.O(MS)23/96/H & FWD, Dated: 18.01.1996 A2-787/97//DMO(H)TSR, Dated: 14.03.1997 | -- | 445 A | |
| 3 | M. Lekshmi | 20.05.1977 | 24.031997 | G.O(MS)44/96/H & FWD, Dated: 12.02.1996 A2-787/97//DMO(H)TSR, Dated: 14.03.1997 | 446 | --- | |

ഒപ്പ്/-

കുമാരി ബീന. വി. റ്റി

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. അനീഷ് ഡാനി ജോൺ

സീനിയർ ക്ലാർക്ക്, പി. എച്ച്. സി, പാമ്പൂർ, തൃശ്ശൂർ

പകർപ്പ് : 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2) മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, പി. എച്ച്. സി, പാമ്പൂർ, തൃശ്ശൂർ
3) സൂപ്രണ്ട്, ഇ.ഡി. സെക്ഷൻ
4) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
5) ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്